ജില്ലാ വ്യവസായ ആഫീസറന്മാർ.

* 1345. [27] ശ്രീ. ഇ. പി. ഇയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഇന്നുള്ള ജില്ലാ വ്യവസായ ആഫീസറന്മാരിൽ ഓരോരുത്തരുടേയും കുറഞ്ഞ പരീക്ഷായോഗ്യത എന്താണു് ;

(ബി) ഈ ഉദ്യോഗത്തിനു് എന്തു പരീക്ഷായോഗ്യതയാണു് ഗവണ്മെൻറു് നിശ്ചയിച്ചിട്ടുള്ളതു് ;

(സി) ഇവർക്കു് ഇഞ്ചിനീയറിംഗു് അനുപേക്ഷണീയമാണോ ;

(ഡി) അല്ലെങ്കിൽ കാരണമെന്തു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഇന്നുള്ള ജില്ലാ വ്യവസായ ആഫീസറന്മാരുടെ ഓരോരുത്തരുടേയും പരീക്ഷായോഗ്യത താഴെ പറയുന്നു.

1. എൻ. ഗോപാലൻ നായർ, ബി. എസ്സു്. സി; ബി. എസ്സു്. സി. (ഇൻജിനീയറിംഗു്)
2. സി. എം. രാമചന്ദ്രൻ, ബി. എസ്സു്. സി, ഡി. ഇ.
3. സി. കെ. രാമചന്ദ്രൻ, ഡി. ഇ.
4. ററി. സുധാകരമേനോൻ, എം. എസ്സു്. സി.
5. ററി. ഏ. രാമകൃഷ്ണൻ എം. എസ്സു്. സി.
6. എം. സി. ജാൺ ബി. എസ്സു്. സി. (ഇൻജിനീയറിംഗു്)
7. എം. ഖോലചന്ദ്രൻ നായർ ബി. എസ്സു്. സി. (ഇൻജിനീയറിംഗു്)
8. കെ. വിശ്വനാഥൻ ബി. എസ്സു്. സി, ബി. എസ്സു്. സി. (ഇൻജിനീയറിംഗു്)
9. പി. സത്യവ്രതമേനോൻ എൽ. എം. ഇ.

മി. സ്പീക്കർ : ഇന്നുള്ള കുറഞ്ഞ പരീക്ഷായോഗ്യതയാണു് ചോദിച്ചിട്ടുള്ളതു്. കൂടിയ യോഗ്യതയല്ല.

ശ്രീ ജോസഫു് ചാഴിക്കാട്ടു് : ഉള്ളതു പറയുമ്പോൾ കൂടിയതും കുറഞ്ഞതും നമുക്കു് എടുക്കാമല്ലോ?

(ബി. സി. ഡി.) ഉത്തരം പറഞ്ഞില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : 'സി' യിൽ ചോദിച്ചിട്ടുള്ളതുപോലെ ഇവർക്കു് ഇൻജിനീയറിംഗു് ആവശ്യമാണോ ?

ശ്രീ. കെ. പി. ഗോപാലൻ : വ്യവസായവികസനത്തിനു് സാങ്കേതിക വൈദഗ്ധ്യമുള്ള ആളുകളെ നിയമിക്കേണ്ടതു് ആവശ്യമാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇൻജിനീയറിംഗിനെപ്പറ്റി പ്രത്യേകം 'സി' യിൽ എടുത്തു ചോദിച്ചിരിക്കയാണു്.

ശ്രീ. കെ. പി. ഗോപാലൻ : ഇൻജിനീയറിംഗു് സാങ്കേതിക വൈദഗ്ധ്യം തന്നെയാണു്.

LIBRARY ARCHIVES Kerala Legislative Assembly